**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1080** **29-08-2022 - ൽ മറുപടിയ്ക്ക്**

**കേരള വാട്ടർ അതോറിറ്റിയിൽ ടെക്നിക്കൽ സ്പെഷ്യൽ റൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റിയിൽ ടെക്നിക്കൽ സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനായി കരട് ചട്ടം തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് പ്രസ്തുത ചട്ടം തയ്യാറാക്കിയതെന്ന് വ്യക്തമാക്കാമോ; | (എ) | കേരള വാട്ടർ അതോറിറ്റിയിൽ ടെക്നിക്കൽ സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനുള്ള കരട് ചട്ടം സജീവ പരിഗണനയിലാണ്. ആയതിനുള്ള നടപടിക്രമങ്ങൾ ത്വരിതഗതിയിൽ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത കരട് ചട്ടം സംബന്ധിച്ച് കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശം തേടിയിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് ഉപദേശം തേടിയതെന്നും ഉപദേശം ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ; | (ബി) | ഉണ്ട്.<br><br>കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശത്തിനായി 05.05.2020-ലെ നമ്പർ 30992/ സി2/1997/ജവിവ പ്രകാരം കത്ത് നല്കിയിരുന്നു. ആയതിന് 13.12.2021-ലെ കത്ത് പ്രകാരം ചില ഭേദഗതികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ചട്ടം പ്രസിദ്ധപ്പെടുത്താൻ കാലതാമസമുണ്ടായിട്ടുണ്ടോ; എങ്കിൽ എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (സി) | കരട് സ്പെഷ്യൽ റൂൾ പ്രസിദ്ധപ്പെടുത്താൻ അനിവാര്യമായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചു വരുന്നതിനാലാണ് ആയത് പ്രസിദ്ധപ്പെടുത്താൻ കാലതാമസം നേരിടുന്നത്. കരട് സ്പെഷ്യൽ റൂളിൽ വിവിധ തലത്തിൽ നടത്തുന്ന ചർച്ചകളിൽ ഉയർന്നു വരുന്ന ഭേദഗതികൾ അനുസരിച്ച് വീണ്ടും കരട് തയ്യാറാക്കുകയും ആയതിന്മേൽ പി.എസ്.സി യുടെ അഭിപ്രായത്തോടു കൂടി നിയമവകുപ്പിന്റെയും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെയും പരിശോധനയ്ക്ക് വിധേയമാക്കിയും, നിയമവകുപ്പ് അംഗീകരിക്കുന്ന കരട് ബന്ധപ്പെട്ട സബ്ജക്റ്റ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതുമുണ്ട്. ഈ നടപടിക്രമങ്ങളെല്ലാം തന്നെ ത്വരിതഗതിയിൽ നടന്നു വരുന്നു. |
| (ഡി) | പ്രസ്തുത കരട് ചട്ടത്തിന് പകരമായി പുതിയ കരട് ചട്ടം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ സാംഗത്യവും അനിവാര്യതയും വിശദമാക്കാമോ? | (ഡി) | പുതിയ കരട് ചട്ടം രൂപീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ